പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 324 09.03.2015-ൽ മറുപടിക്ക്

## എംപാനൽ ജീവനക്കാരെ പിരിച്ചു വിടൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ എംപാനൽ ജീവനക്കാരെ പിരിച്ച് വിട്ട് നിലവിലുള്ള കണ്ടക്ടർ ലിസ്റ്റിൽ നിന്നും നിയമനം നടത്തണമെന്ന ഹൈക്കോടതി വിധി നടപ്പിലാക്കാത്ത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിലവിൽ ഓരോ ഡിപ്പോയിലും സേവനമനുഷ്ഠിക്കുന്ന എംപാനൽ ജീവനക്കാരുടെ എണ്ണവും, ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പിരിച്ചുവിട്ട ജീവനക്കാരുടെ വിശദവിവരവും ഡിപ്പോതിരിച്ച് വ്യക്തമാക്കാമോ? | (ബി) | നിലവിൽ ഓരോ ഡിപ്പോയിലും സേവനമനുഷ്ഠിക്കുന്ന എംപാനൽ കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്ക് എന്നിവരുടെ 01.01.2015 തീയതിയിലെ എണ്ണം അനുബന്ധമായി ചേർക്കുന്നു. സ്ഥിരം ജീവനക്കാരുടെ താൽക്കാലികമായ ഒഴിവുകളിലേക്കാണ് എംപാനൽ ജീവനക്കാരെ നിയമിക്കുന്നത്. സ്ഥിരം ജീവനക്കാരുടെ ലഭ്യതയ്ക്കനുസൃതമായി എംപാനൽ ജീവനക്കാരെ മാറ്റി നിർത്താറുണ്ട്. ഓരോ ദിവസത്തേയും ഒഴിവുകളുടെ എണ്ണം വ്യത്യസ്തമായിരിക്കുമെന്നതിനാൽ കൃത്യമായ കണക്ക് ലഭ്യമാക്കുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്